പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 269

11/10/2011-ൽ മറുപടി നല്കേണ്ടത്

## മൂന്നാറിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.ഇ.പി. ജയരാജൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിലെ സർക്കാർ ഭൂമിയിൽ വീണ്ടും കയ്യേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) മുൻസർക്കാർ തിരിച്ചുപിടിച്ച ഏതെല്ലാം ഭൂമിയിൽ ഇപ്പോൾ കയ്യേറ്റങ്ങൾ നടക്കുകയുണ്ടായി ; | (ബി) മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ചതും ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിലെ പാർവതിമലയിലും പള്ളിവാസൽ വില്ലേജിലെ പുലിപ്പാറയിലും വീണ്ടും കൈയേറ്റങ്ങൾ കണ്ടെത്തുകയുണ്ടായി. ഇതുൾപ്പെടെ ഒട്ടാകെ 166.23.33 ഹെക്ടർ ഭൂമി ഒഴിപ്പിച്ചെടുത്തു. കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിലെ ബ്ലോക്ക് 6 റീസർവ്വെ 1ൽപ്പെട്ട 250 ഏക്കർ ചിന്നക്കനാൽ പഴയ സർവ്വെ 495, 532, 540, 541 എന്നിവയിലെ 70 ഏക്കർ, ചിന്നക്കനാൽ വില്ലേജിലെ 130/1, 130/2, 87/1 എന്നിവയിൽപ്പെട്ട 2.80 ഏക്കർ എന്നിവിടങ്ങളിലും വീണ്ടും കൈയേറ്റം ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത ഭൂമികൾ ഒഴിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) വീണ്ടും കയ്യേറ്റങ്ങൾ നടക്കാതിരിക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും പ്രഖ്യാപിച്ച പരിപാടികൾ എല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) ഉണ്ട്. ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ കേരള സർക്കാർ വക എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ളതും കൈയേറ്റ സാദ്ധ്യതയുള്ള പ്രദേശങ്ങൾ നിരന്തരം പരിശോധിക്കുന്നതിന് അതാത് വില്ലേജ് ഓഫീസർമാരേയും സ്പെഷ്യൽ ആർ.ഐ. മാരേയും സെക്ടർ ഓഫീസർമാരേയും ചുമതലപ്പെടുത്തി നടപടിക്രമം ആയിട്ടുള്ളതും, കൈയേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഒഴിപ്പിച്ച് ലാന്റ് കൺസർവൻസി ആക്ട് പ്രകാരം കേസ് എടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ